പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## ഇരുപത്തിരണ്ടാമത് റിപ്പോർട്ട്

(2015 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2011-2014)-യുടെ മൂന്നാമത് റിപ്പോർട്ടിലെ (ആറന്മുള ഗ്രീൻഫീൽഡ് അന്താരാഷ്ട്ര വിമാനത്താവള പദ്ധതി ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച്) ശിപാർശകളിന്മേൽ/ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

**ഇരുപത്തിരണ്ടാമത് റിപ്പോർട്ട്**

(2015 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2011-2014)-യുടെ മൂന്നാമത് റിപ്പോർട്ടിലെ (ആറൻമുള ഗ്രീൻഫീൽഡ് അന്താരാഷ്ട്ര വിമാനത്താവള പദ്ധതി ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച്) ശിപാർശകളിന്മേൽ/ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

72/2016.

# റിപ്പോർട്ട്

## അദ്ധ്യായം I

പുരാതനമായ ക്ഷേത്രങ്ങളുടെയും കാവുകളുടെയും കലകളുടെയും നാടായ ആറൻമുളയെ കേന്ദ്ര സർക്കാർ പൈതൃകഗ്രാമമായി പ്രഖ്യാപിച്ചിരുന്നു. ഇവിടത്തെ ആവാസവ്യവസ്ഥയെ തകിടം മറിച്ചുകൊണ്ട് നിർമ്മിക്കുന്ന വിമാനത്താവളം സൃഷ്ടിച്ചേക്കാവുന്ന ഗുരുതരമായ പാരിസ്ഥിതിക പ്രത്യാഘാതങ്ങളെക്കുറിച്ച് വിവിധ സംഘടനകളും വ്യക്തികളും സമിതിക്ക് നൽകിയ പരാതികളിൻമേൽ സമിതി സമഗ്രമായ പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ട് 12-7-2012-ൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ആകെ 11 ശിപാർശകളാണുണ്ടായിരുന്നത്. സമിതിയുടെ ശിപാർശകളിൻമേൽ അനന്തരനടപടി സ്വീകരിക്കുന്നതിനായി റിപ്പോർട്ടിന്റെ അച്ചടിച്ച കോപ്പികൾ ബന്ധപ്പെട്ട വകുപ്പുകളിലേക്ക് അയച്ചുകൊടുത്തതിനെത്തുടർന്ന് വിവിധ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ വിവിധ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. സമിതിയുടെ ശിപാർശകൾ, അതിൻമേൽ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## സമിതിയുടെ ശിപാർശകൾ, അതിൻമേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം

### ശിപാർശ 1

പരിസ്ഥിതിക്ക് ആഘാതം സൃഷ്ടിക്കാതെയും ജലസ്രോതസ്സുകൾക്കും ജലവാഹികളായ അരുവികൾക്കും തോടുകൾക്കും നാശം വരുത്താതെയും നടപ്പാക്കുന്ന പദ്ധതികൾക്ക് സമിതി എതിരല്ല. വിമാനത്താവള പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകുന്നതിന് മുമ്പ് പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ള പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരവും, പാരിസ്ഥിതികവുമായ വിഷയങ്ങളെക്കുറിച്ച് പഠനം നടത്തേണ്ടതായിരുന്നു. വിമാനത്താവള പദ്ധതിക്ക് വ്യവസായ വകുപ്പ് തത്വത്തിൽ അംഗീകാരം നൽകുന്നതിന് മുമ്പ് പ്രസ്തുത പഠനങ്ങൾ നടത്തുകയോ ബന്ധപ്പെട്ട മറ്റു വകുപ്പുകളുമായി ചർച്ച നടത്തുകയോ ചെയ്തിട്ടില്ലെന്നും മനസ്സിലാക്കുന്നു. ആകയാൽ അത്തരം പഠനങ്ങൾ നടത്താതെ പദ്ധതികൾ ആരംഭിക്കുന്നത് ശരിയല്ലെന്നും ഭാവിയിൽ ഇത്തരം പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകുന്നതിനുമുമ്പ് ബന്ധപ്പെട്ട എല്ലാ വകുപ്പുകളുമായും ചർച്ച ചെയ്ത് തീരുമാനമെടുക്കണമെന്നും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഭൂമിശാസ്ത്രപരവും പാരിസ്ഥിതികവുമായ കാര്യങ്ങളെക്കുറിച്ച് പഠനം നടത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### (എ) ഗതാഗത (ഡി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 2402/ഡി2/12/ഗതാ. തീയതി 8-4-2013)

ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇക്കാര്യങ്ങൾക്ക് പ്രത്യേക ശ്രദ്ധ നല്കുവാൻ ശ്രദ്ധിക്കുന്നതാണ്.

(13-8-2013-ലെ സമിതി യോഗം അംഗീകരിച്ചു.)

### (ബി) പരിസ്ഥിതി (ബി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 565/ബി1/12/പരി. തീയതി 29-10-2013)

"വികസനവും കരുതലും" എന്ന സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത നയം അനുസരിച്ച് വികസനാവശ്യങ്ങളും പാരിസ്ഥിതിക പരിഗണനകളും പരസ്പര പൂരിതമായിരിക്കേണ്ടതാണ്. അപരിഹാര്യമായ പാരിസ്ഥിതിക ശോഷണം സംഭവിക്കുന്ന വികസന പദ്ധതികൾക്ക് സ്വാഭാവികമായി പാരിസ്ഥിതിക അനുമതി ലഭിക്കാറില്ല അതുപോലെ, സംസ്ഥാനത്തെ തൊഴിലില്ലായ്മ കണക്കിലെടുത്തുള്ളതും, വൻതോതിലുള്ള പാരിസ്ഥിതികനാശം സംഭവിക്കാത്തതോ പ്രത്യുപായങ്ങൾ ഉള്ളതോ ആയ വികസന പദ്ധതികൾ, നടപ്പാക്കാതിരിക്കാനും ആവില്ല. ഇതിൽ പരിസ്ഥിതി സംരക്ഷണം, സുസ്ഥിര വികസനം, പുരുഷാന്തര ധർമ്മം (generational equity) മുതലായ പരിഗണനകൾ ഉൾക്കൊള്ളിച്ചാണ് 1986-ലെ പരിസ്ഥിതി (സംരക്ഷണം) നിയമപ്രകാരം കേന്ദ്രസർക്കാർ മുൻകൂർ പാരിസ്ഥിതിക അനുമതിക്കുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. അതുപ്രകാരം രൂപീകൃതമായ വിദഗ്ദ്ധ നിർണ്ണയ സമിതി, വിജ്ഞാപനപ്രകാരം തയ്യാറാക്കിയ പാരിസ്ഥിതിക ആഘാത റിപ്പോർട്ട് പരിഗണിച്ച് ആറന്മുള വിമാനത്താവള പദ്ധതി ചില നിബന്ധനകളോടെ പാരിസ്ഥിതിക അനുമതിക്ക് അർഹമാണെന്ന് 16-12-2011-ൽത്തന്നെ കേന്ദ്ര സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ട്. ഈ ശിപാർശ കിട്ടി 105 ദിവസങ്ങൾക്കുള്ളിൽ കേന്ദ്രസർക്കാരിന്റെ തീരുമാനം അറിയിക്കാത്തപക്ഷം മുൻകൂർ പാരിസ്ഥിതിക അനുമതി ലഭിച്ചതായി കരുതാമെന്ന വ്യവസ്ഥയുണ്ടെങ്കിലും, പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. കെ.ജി.എസ്. ആറന്മുള എയർപോർട്ട് ലിമിറ്റഡ് പത്തനംതിട്ട ജില്ലയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന വിമാനത്താവളം കാറ്റഗറി 'എ' വിഭാഗത്തിൽപ്പെടുന്ന പദ്ധതി ആകയാൽ 2006-ലെ എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് നോട്ടിഫിക്കേഷൻ അനുസരിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുൻകൂർ പാരിസ്ഥിതിക അനുമതി അനുപേക്ഷണീയമാണ്. പരിസ്ഥിതി ആഘാത പഠനം നടത്തുന്ന വേളയിൽ പബ്ലിക് ഹിയറിംഗ് നടത്തണമെന്ന് ഇതുസംബന്ധിച്ച നിയമാവലിയിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി പരിസ്ഥിതി തെളിവെടുപ്പ് (പബ്ലിക് ഹിയറിംഗ്)

നടത്തുന്നതിന് കമ്പനി 2-2-2011-ൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിക്കായി കെ.ജി.എസ്. ആറന്മുള എയർപോർട്ട് ലിമിറ്റഡ്, എൻവിറോ കെയർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിനെ കൊണ്ട് പരിസ്ഥിതി ആഘാത പഠനം നടത്തിയ റിപ്പോർട്ട് അപേക്ഷയോടൊപ്പം സമർപ്പിച്ചിരുന്നു. പദ്ധതി സംബന്ധിച്ച പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടും മറ്റു വിവരങ്ങളും പത്തനംതിട്ട കളക്ടറേറ്റ്, ജില്ലാ വ്യവസായ കേന്ദ്രം, ബന്ധപ്പെട്ട പഞ്ചായത്ത് ഓഫീസുകൾ തുടങ്ങിയ സ്ഥലങ്ങളിൽ പൊതുജനങ്ങളുടെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന വിവരം 4-2-2011-ലെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അറിയിപ്പുമുഖേന മലയാള. മനോരമ, മാതൃഭൂമി, ദി ഹിന്ദു എന്നീ പത്രങ്ങൾ മുഖേന പ്രസിദ്ധപ്പെടുത്തുകയും മേൽ സൂചിത ഓഫീസുകളുടെ നോട്ടീസ് ബോർഡിൽ പൊതുജനങ്ങളുടെ അറിവിലേക്കായി പതിക്കുകയും ചെയ്തിരുന്നു. 10-5-2011-ൽ പത്തനംതിട്ട ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കളക്ടറേറ്റിൽ വച്ച് പ്രസ്തുത പദ്ധതി സംബന്ധിച്ച പരിസ്ഥിതി തെളിവെടുപ്പ് നടക്കുകയും പൊതുജനങ്ങൾക്കുള്ള അഭിപ്രായവും പരാതികളും സ്വീകരിക്കുകയും ചെയ്തു. ഈ തെളിവെടുപ്പ് യോഗത്തിന്റെ മിനിട്ട്സും പരാതികളുടെ പകർപ്പും തെളിവെടുപ്പ് യോഗത്തിൽ പങ്കെടുത്തവരുടെ അഭിപ്രായങ്ങളും അന്നത്തെ തെളിവെടുപ്പിന്റെ വീഡിയോ റിപ്പോർട്ടും 13-5-2011-ൽ കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സമർപ്പിച്ചിട്ടുണ്ട്. ഇവ കൂടി കണക്കിലെടുത്താണ് മന്ത്രാലയത്തിന്റെ വിദഗ്ദ്ധ നിർണ്ണയ സമിതി ശിപാർശകൾ സമർപ്പിച്ചിട്ടുള്ളത്.

(12-2-2014-ലെ സമിതി യോഗം അംഗീകരിച്ചു.)

## (സി) വ്യവസായ (ബി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 13347/ബി3/12/വ്യവ. തീയതി 21-8-2014)

വിമാനത്താവള പദ്ധതിക്ക് നിലവിലുള്ള നിയമവ്യവസ്ഥകൾക്ക് വിധേയമായി മാത്രം സ്വന്തം നിലയിൽ ഭൂമി കണ്ടെത്തേണ്ടതാണെന്ന വ്യവസ്ഥയിലാണ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളത്. പാരിസ്ഥിതിക നിയമങ്ങൾ ഉൾപ്പെടെ നിലവിലുള്ള എല്ലാ നിയമങ്ങൾക്കും വിധേയമായി മാത്രമേ പദ്ധതിക്ക് അന്തിമ അംഗീകാരം നൽകാൻ കഴിയുകയുള്ളൂ. നിലവിലുള്ള നെൽ വയലുകളോ കുടിവെള്ള സ്രോതസ്സുകളോ, ആവാസ വ്യവസ്ഥയോ തകർത്തുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ നടത്തുവാൻ വ്യവസായ വകുപ്പ് കമ്പനിക്ക് അനുവാദം നൽകിയിട്ടില്ല. വ്യവസായ മേഖലയായി പ്രഖ്യാപിച്ച പ്രദേശത്തിനായി ഒരു ഏകജാലക ക്ലിയറൻസ് ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ മലിനീകരണ നിയന്ത്രണ ബോർഡ്, വനം വകുപ്പ്, വാട്ടർ അതോറിറ്റി മുതലായ വകുപ്പുകളുടെ പ്രതിനിധികൾ അംഗങ്ങളാണ്. മാത്രവുമല്ല, പരിസ്ഥിതി, നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം തുടങ്ങിയ നിലവിലുള്ള എല്ലാ നിയമങ്ങൾക്കും വിധേയമായി മാത്രമേ കമ്പനിക്ക് വിമാനത്താവള നിർമ്മാണം നടത്താനാകൂ.

വ്യവസായ വകുപ്പ് നിർദ്ദിഷ്ട വിമാനത്താവളത്തെ നിലവിലുള്ള യാതൊരു നിയമത്തിൽ നിന്നും ഒഴിവാക്കിയിട്ടില്ല തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുള്ളത്. പദ്ധതിക്ക് അന്തിമ അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം ഇപ്പോൾ കൈകാര്യം ചെയ്യുന്നത് ഗതാഗത വകുപ്പിലാണ്. മേലിൽ ഇത്തരം പദ്ധതികൾക്ക് തത്വത്തിലുള്ള അംഗീകാരം നൽകുന്നതിന് മുമ്പ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച ചെയ്യുകയും പഠനങ്ങൾ ആവശ്യമെങ്കിൽ ആയത് നടത്തുന്നതുമാണ്.

(27-8-2014-ലെ സമിതിയോഗം അംഗീകരിച്ചു)

## (ഡി) ജലവിഭവ (ഐ.ആർ.) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 9386/ഐ.ആർ3/14/ജവിവ. തീയതി 26-8-2014)

കെ.ജി.എസ്. ആറന്മുള എയർപോർട്ട് ലിമിറ്റഡ് പത്തനംതിട്ട ജില്ലയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന വിമാനത്താവള പദ്ധതിക്ക് പരിസ്ഥിതി സംരക്ഷണ നിയമപ്രകാരമുള്ള 2006-ലെ എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് നോട്ടിഫിക്കേഷൻ അനുസരിച്ചുള്ള അനുമതിക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽ അപേക്ഷിക്കുകയും അതിന്റെ ഭാഗമായി പരിസ്ഥിതി തെളിവെടുപ്പ് (പബ്ലിക് ഹിയറിംഗ്) നടത്തുന്നതിന് കമ്പനി 2-2-2011-ൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിക്കായി കെ.ജി.എസ്., ആറന്മുള എയർപോർട്ട് ലിമിറ്റഡ്, എൻവിറോ കെയർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിനെ കൊണ്ട് പരിസ്ഥിതി ആഘാത പഠനം നടത്തിയ റിപ്പോർട്ട് അപേക്ഷയോടൊപ്പം സമർപ്പിച്ചിരുന്നു. പദ്ധതി സംബന്ധിച്ച പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടും മറ്റു വിവരങ്ങളും പത്തനംതിട്ട കളക്ടറേറ്റ്, ജില്ലാ വ്യവസായ കേന്ദ്രം, ബന്ധപ്പെട്ട പഞ്ചായത്ത് ഓഫീസുകൾ തുടങ്ങിയ സ്ഥലങ്ങളിൽ പൊതുജനങ്ങളുടെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന വിവരം 4-2-2011-ലെ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അറിയിപ്പ് മുഖേന ദിനപത്രങ്ങൾ മുഖേന പ്രസിദ്ധപ്പെടുത്തുകയും മേൽ സൂചിത ഓഫീസുകളുടെ നോട്ടീസ് ബോർഡിൽ പൊതുജനങ്ങളുടെ അറിവിലേക്കായി പതിക്കുകയും ചെയ്തിരുന്നു. 10-5-2011-ൽ പത്തനംതിട്ട ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കളക്ടറേറ്റിൽ വച്ച് പ്രസ്തുത പദ്ധതി സംബന്ധിച്ച പരിസ്ഥിതി തെളിവെടുപ്പ് നടക്കുകയും പൊതുജനങ്ങൾക്കുള്ള അഭിപ്രായവും പരാതികളും സ്വീകരിക്കുകയും ചെയ്തു. വിമാനത്താവള നിർമ്മാണത്തിന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കെ.ജി.എസ്. ആറന്മുള എയർപോർട്ട് ലിമിറ്റഡിന് ക്ലിയറൻസ് നൽകിയിട്ടില്ല.

(27-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ഇ) റവന്യൂ (പി) വകുപ്പ്

ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇക്കാര്യങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുവാൻ ശ്രദ്ധിക്കുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു)

<u>ശിപാർശ 2</u>

നൂറ്റാണ്ടുകളായി കൃഷി ചെയ്യുന്ന ഏക്കർകണക്കിന് നെൽവയലുകളും കുടിവെള്ള സ്രോതസ്സുകളും നശിപ്പിച്ചുകൊണ്ടും ആവാസവ്യവസ്ഥയെ തകർത്തുകൊണ്ടുമുള്ള വികസന പ്രവർത്തനങ്ങളോട് സമിതിക്ക് തീരെ യോജിക്കാനാവില്ല. ആയതിനാൽ പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതം നേരിട്ടനുഭവിക്കുന്ന പ്രദേശത്തെ ജനങ്ങളുടെ അഭിപ്രായം കൂടി പരിഗണിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## (എ) ഗതാഗത (ഡി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 2402/ഡി2/12/ഗതാ. തീയതി 8-4-2013)

ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇക്കാര്യങ്ങൾക്ക് പ്രത്യേക ശ്രദ്ധ നല്കുവാൻ ശ്രദ്ധിക്കുന്നതാണ്.

(13-8-2013-ലെ സമിതി യോഗം അംഗീകരിച്ചു.)

## (ബി) പരിസ്ഥിതി (ബി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 565/ബി1/12/ഗതാ. തീയതി 29-10-2013)

പാരിസ്ഥിതിക അനുമതി സംബന്ധിച്ച് കേന്ദ്രസർക്കാർ വിജ്ഞാപനമനുസരിച്ചുള്ള പബ്ലിക് ഹിയറിംഗ് നടത്തിയശേഷമാണ് പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ട് കേന്ദ്രസർക്കാർ പരിഗണിച്ചത്. നെൽകൃഷി നടക്കുന്ന ഒരു പാടമല്ല പദ്ധതിക്കായി ഏറ്റെടുക്കുന്നത്. ഇവിടെ വർഷങ്ങൾക്ക് മുമ്പ് പലകാരണങ്ങളാൽ കൃഷി അവസാനിപ്പിച്ചതാണ്. ഈ പ്രദേശങ്ങളിലെ പാടശേഖര കമ്മിറ്റി പ്രസിഡന്റായിരുന്ന ഇപ്പോഴത്തെ ആറന്മുള പഞ്ചായത്ത് പ്രസിഡന്റ് തന്നെ ഇക്കാര്യം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ടിലെ 4-ാം നമ്പർ ശിപാർശയും പ്രസക്തമാണ്. അപരിഹാര്യ പാരിസ്ഥിതിക നാശം ഉണ്ടാക്കാത്ത പദ്ധതി എന്ന നിലയിലാണ് ആവശ്യമായ പാരിസ്ഥിതിക സുരക്ഷാ നടപടികൾ ഉൾപ്പെടുത്തി, വിദഗ്ദ്ധ സമിതി പദ്ധതി ശിപാർശ ചെയ്തിരിക്കുന്നത്. കൃഷിനടക്കുന്ന നെൽവയലുകളും, കുടിവെള്ള സ്രോതസ്സുകളും, ആവാസ വ്യവസ്ഥ തകർക്കുന്നതുമായ പദ്ധതികൾ നടപ്പാക്കണമെന്ന നയം സർക്കാരിനില്ല.

(12-2-2014-ലെ സമിതിയോഗം അംഗീകരിച്ചു)

## (സി) ജലവിഭവ (ഐ.ആർ.) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 9386/ഐ.ആർ3/14/ജവിവ. തീയതി 26-8-2014)

പത്തനംതിട്ട ജില്ലയിൽ ആറന്മുളയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന വിമാനത്താവളത്തിനുവേണ്ടി 10-5-2011-ൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ നടത്തിയ പരിസ്ഥിതി തെളിവെടുപ്പിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള അഭിപ്രായവും പരാതികളും സ്വീകരിക്കുകയുണ്ടായി. ഈ തെളിവെടുപ്പ് യോഗത്തിന്റെ മിനിട്ട്സും പരാതികളുടെ പകർപ്പും തെളിവെടുപ്പ് യോഗത്തിൽ പങ്കെടുത്തവരുടെ അഭിപ്രായങ്ങളും അന്നത്തെ തെളിവെടുപ്പിന്റെ വീഡിയോ റിപ്പോർട്ടും 13-5-2011-ൽ കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സമർപ്പിച്ചിട്ടുണ്ട്.

(27-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ഡി) റവന്യൂ (പി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 64214/പി1/12/റവ. തീയതി 7-8-2015)

പരിസ്ഥിതി ആഘാതപഠനം അംഗീകൃത ഏജൻസികളെകൊണ്ട് നടപ്പിലാക്കുന്നതിന് മുമ്പ് ജനാഭിപ്രായം പരിഗണിക്കണമെന്ന ശിപാർശ അംഗീകരിക്കുകയും തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു)

<u>ശിപാർശ 3</u>

വിമാനത്താവള പദ്ധതി ലക്ഷ്യമിട്ട് കെ.ജി.എസ്. ഗ്രൂപ്പ് വാങ്ങിയ 350 ഏക്കർ ഭൂമിയിൽ സർക്കാർ തോട് ഉൾപ്പെടെ വലിയൊരളവ് റവന്യൂ പുറമ്പോക്ക് ഭൂമി ഉള്ളതായി സമിതി മനസ്സിലാക്കുന്നു. റവന്യൂ പുറമ്പോക്ക് ഭൂമി സ്വകാര്യ വ്യക്തികൾക്ക് കൈമാറാൻ അധികാരമില്ലെന്നിരിക്കെ കെ.ജി.എസ്. ഗ്രൂപ്പ് വാങ്ങിയ ഭൂമിയിൽ ഉൾപ്പെട്ടിട്ടുള്ള സർക്കാർ തോടും റവന്യൂ പുറമ്പോക്ക് ഭൂമിയും മണ്ണിട്ടുനികത്തിയവർക്കെതിരെ എന്തുകൊണ്ട് നടപടിയെടുത്തില്ല. ഈ വിഷയം സംബന്ധിച്ച് അന്വേഷണം നടത്തണമെന്നും നടപടിയെടുക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും റവന്യൂ പുറമ്പോക്കു ഭൂമി കണ്ടെത്തി വീണ്ടെടുക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## (എ) ഗതാഗത (ഡി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 2402/ഡി2/12/ഗതാ. തീയതി 8-4-2013)

വിമാനത്താവളത്തിനായുള്ള ഭൂമിയുമായി ബന്ധപ്പെട്ട് ലാന്റ് സീലിംഗ്, കയ്യേറ്റം, അധികഭൂമി എന്നീ കാര്യങ്ങൾ 2008-ലെ നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിന്റേയും 1963-ലെ ഭൂപരിഷ്കരണ നിയമത്തിന്റേയും വെളിച്ചത്തിൽ പരിശോധിക്കുകയും പ്രസക്തമായ നിയമങ്ങൾക്കനുസരിച്ച് ആവശ്യമായ ക്ലിയറൻസുകൾ എയർപോർട്ട് പ്രൊമോട്ടർ നേടണം എന്നുമുള്ള നിബന്ധനകൾ പ്രകാരമേ പ്രൊമോട്ടർ പദ്ധതി നടപ്പിലാക്കാവൂ എന്ന് തീരുമാനിച്ചിട്ടുണ്ട്.

(13-8-2013-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) റവന്യൂ (പി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 64214/പി1/12/റവ. തീയതി 7-8-2015)

പദ്ധതിപ്രദേശത്തെ റവന്യൂ ഭൂമി കയ്യേറി മണ്ണിട്ടുനികത്തിയവർക്കെതിരെ കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിച്ചിട്ടുള്ളതും, സർക്കാർ ഭൂമി അളന്ന് തിരിച്ച് ബോർഡ് സ്ഥാപിച്ചിട്ടുള്ളതുമാണ്. ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 29-6-2015 മുതൽ തോട് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു)

<u>ശിപാർശ 4</u>

വർഷകാലങ്ങളിൽ പമ്പാ നദിയിലെ ജലവിതാനം ഉയരുമ്പോൾ ആറന്മുളയിൽ വെള്ളപ്പൊക്കം ഉണ്ടാകാതെ സംരക്ഷിക്കുന്ന കോഴിത്തോടിന് കുറുകെ ഒരു പാലം നിർമ്മിക്കുന്നതിനുവേണ്ടി അപ്രോച്ച് റോഡിന് മണ്ണിട്ടുയർത്തിയപ്പോൾ വെള്ളത്തിന്റെ സ്വതന്ത്രമായ ഒഴുക്ക് തടസ്സപ്പെടുകയും വെള്ളം കെട്ടിനിന്ന് കൃഷി നശിക്കുകയും തുടർന്ന് കൃഷിയിറക്കുവാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുകയും ചെയ്തു. അതിനാൽ മണ്ണ് നീക്കം ചെയ്ത് ജലത്തിന്റെ സ്വാഭാവിക ഒഴുക്ക് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) ഗതാഗത (ഡി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 2402/ഡി2/12/ഗതാ. തീയതി 8-4-2013)

ജലത്തിന്റെ സ്വാഭാവികമായ ഒഴുക്കനുവദിക്കുന്നതിന് റൺവേയുടെ താഴെക്കൂടി ഒരു മൈനർ ഇറിഗേഷൻ ഡക്റ്റ് നിർമ്മിക്കുന്നതിനുള്ള അനുമതി പ്രൊമോട്ടർ ഇറിഗേഷൻ വകുപ്പിൽ നിന്നും നേടണം എന്നും തീരുമാനിച്ചിട്ടുണ്ട്.

(13-8-2013-ലെ സമിതിയോഗം അംഗീകരിച്ചു)

**(ബി) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 64380/ആർ.സി4/12/തസ്വഭവ. തീയതി 5-4-2014)

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ടിലെ കോഴിത്തോടിന്റെ പുനഃസ്ഥാപനം സംബന്ധിച്ച മേൽശിപാർശകൾ സർക്കാർ വിശദമായി പരിശോധിച്ചു.

ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 23-12-2013-ലെ 3(3) നമ്പർ തീരുമാനപ്രകാരം കെ.ജി.എസ്. ആറന്മുള വിമാനത്താവള കമ്പനി എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കോഴിത്തോട് പുനഃസ്ഥാപനം 90 ദിവസത്തിനകം പൂർത്തീകരിക്കണമെന്ന് കാണിച്ച് 24-12-2013-ൽ കത്ത് നല്കിയിട്ടുണ്ട്. കൂടാതെ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നല്കുന്നതിന് എൽഎസ്ജിഡി. അസിസ്റ്റന്റ് എഞ്ചിനീയറോട് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിക്കുന്നമുറയ്ക്ക് തുക വിമാനത്താവള അധികൃതരെ ആറന്മുള ഗ്രാമപഞ്ചായത്ത് അറിയിക്കുന്നതാണ്.

കോഴിത്തോടിന്റെ സ്വാഭാവിക നീരൊഴുക്കിന് തടസ്സം നേരിടുന്ന തരത്തിൽ മണ്ണിട്ട് നികത്തിയ ഭാഗത്തുനിന്നും മണ്ണ് നീക്കം ചെയ്ത് സ്വാഭാവിക നീരൊഴുക്ക് പുനഃസ്ഥാപിക്കുന്നതിന് ടി വിമാനത്താവള കമ്പനിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് 30-12-2013-ൽ മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് നോട്ടീസ് നല്കിയിട്ടുണ്ട്. കോഴിത്തോട് പൂർവ്വസ്ഥിതിലാക്കുന്നതിന് വിശദമായ എസ്റ്റിമേറ്റും, എസ്റ്റിമേറ്റ് തുകയും അടിയന്തരമായി ലഭ്യമാക്കുന്നതിന് എൽഎസ്ജിഡി അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഗ്രാമപഞ്ചായത്ത് നിർദ്ദേശം നല്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ നോട്ടീസിന് കെ.ജി.എസ്. ഗ്രൂപ്പ് നിശ്ചിത സമയപരിധിക്കുള്ളിൽ മറുപടിയൊന്നും നല്കാത്ത സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് കെ.ജി.എസ്. ആറന്മുള ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ ചെലവിൽ പണി നടത്തുന്നതാണെന്ന് കാണിച്ച് 20-1-2014-ൽ വീണ്ടും നോട്ടീസ് നല്കിയിട്ടുണ്ട്.

(5-4-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

## (സി) ജലവിഭവ (ഐ.ആർ.) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 9386/ഐ.ആർ3/14/ജവിവ. തീയതി 26-8-2014)

റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന അപ്രോച്ച് റോഡും പാലവും ബന്ധപ്പെട്ട പി.ഡബ്ല്യു.ഡി.യുടെ അധീനതയിൽ പണി കഴിപ്പിച്ചിട്ടുള്ളതാണ്. അതുമൂലം കോഴിത്തോട്ടിലെ ജല നിർഗ്ഗമനത്തിൽ ഉണ്ടാകുന്ന തടസ്സം നീക്കിത്തരുവാൻ പി.ഡബ്ല്യു.ഡി. അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(27-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ഡി) റവന്യൂ (പി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 64214/പി1/12/റവ. തീയതി 7-8-2015)

കോഴിത്തോട്ടിലെ മണ്ണ് മുഴവനും മാറ്റുന്നതിനും തോട് പുനഃസ്ഥാപിക്കുന്നതിനുമുള്ള നടപടികൾ 29-6-2015 മുതൽ നടന്നുവരുന്നു.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു)

### ശിപാർശ 5

കോഴിത്തോടിൽ നിന്നും വെള്ളം ലഭിക്കാതെ വന്നപ്പോൾ മുതലാണ് പുഞ്ചപ്പാടങ്ങളിലെ കൃഷി നിലച്ചത്. നികത്തിയ സ്ഥലത്തെ മണ്ണ് മുഴവൻ മാറ്റുന്നതിനും കോഴിത്തോട് പൂർവ്വസ്ഥിതിയിൽ കൊണ്ട് വരുന്നതിനും കൃഷി പുനരുജ്ജീവിപ്പിക്കുന്ന തിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

## (എ) ഗതാഗത (ഡി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 2402/ഡി2/12/ഗതാ. തീയതി 8-4-2013)

ജലത്തിന്റെ സ്വാഭാവികമായ ഒഴുക്കനുവദിക്കുന്നതിന് റൺവേയുടെ താഴെക്കൂടി ഒരു മൈനർ ഇറിഗേഷൻ ഡക്റ്റ് നിർമ്മിക്കുന്നതിനുള്ള അനുമതി പ്രൊമോട്ടർ ഇറിഗേഷൻ വകുപ്പിൽ നിന്നും നേടണം എന്നും തീരുമാനിച്ചിട്ടുണ്ട്.

(13-8-2013-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 64380/ആർ.സി4/12/തസ്വഭവ. തീയതി 5-4-2014)

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ടിലെ കോഴിത്തോടിന്റെ പുനഃസ്ഥാപനം സംബന്ധിച്ച മേൽശിപാർശകൾ സർക്കാർ വിശദമായി പരിശോധിച്ചു

ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 23-12-2013-ലെ 3(3) നമ്പർ തീരുമാനപ്രകാരം കെ.ജി.എസ്. ആറന്മുള വിമാനത്താവള കമ്പനി എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കോഴിത്തോട് പുനഃസ്ഥാപനം 90 ദിവസത്തിനകം പൂർത്തീകരിക്കണമെന്ന് കാണിച്ച് 24-12-2013-ൽ കത്ത് നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറോട് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിക്കുന്നമുറയ്ക്ക് തുക വിമാനത്താവള അധികൃതരെ ആറന്മുള ഗ്രാമപഞ്ചായത്ത് അറിയിക്കുന്നതാണ്.

കോഴിത്തോടിന്റെ സ്വാഭാവിക നീരൊഴുക്കിന് തടസ്സം നേരിടുന്നതരത്തിൽ മണ്ണിട്ട് നികത്തിയ ഭാഗത്തുനിന്നും മണ്ണ് നീക്കം ചെയ്ത് സ്വാഭാവിക നീരൊഴുക്ക് പുനഃസ്ഥാപിക്കുന്നതിന് ടി വിമാനത്താവള കമ്പനിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് 30-12-2013-ൽ മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് നോട്ടീസ് നൽകിയിട്ടുണ്ട്. കോഴിത്തോട് പൂർവ്വസ്ഥിതിയിലാക്കുന്നതിന് വിശദമായ എസ്റ്റിമേറ്റും, എസ്റ്റിമേറ്റ് തുകയും അടിയന്തരമായി ലഭ്യമാക്കുന്നതിന് എൽഎസ്ജിഡി അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഗ്രാമപഞ്ചായത്ത് നിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ നോട്ടീസിന് കെ.ജി.എസ്. ഗ്രൂപ്പ് നിശ്ചിത സമയപരിധിക്കുള്ളിൽ മറുപടിയൊന്നും നൽകാത്ത സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് കെ.ജി.എസ്. ആറന്മുള ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ ചെലവിൽ പണി നടത്തുന്നതാണെന്ന് കാണിച്ച് 20-1-2014-ൽ വീണ്ടും നോട്ടീസ് നൽകിയിട്ടുണ്ട്.

മേൽപ്രസ്താവിച്ച വിവരങ്ങൾ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ താൽപ്പര്യപ്പെടുന്നു.

(5-4-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

## (സി) ജലവിഭവ (ഐ.ആർ.) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 9386/ഐ.ആർ3/14/ജവിവ. തീയതി 26-8-2014)

നികത്തപ്പെട്ട സ്ഥലം പൂർവ്വസ്ഥിതിയിലാക്കുവാൻ ഡീ മാർക്കേറ്റ് ചെയ്തുതരുവാൻ കോഴഞ്ചേരി അഡീഷണൽ തഹസിൽദാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(27-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ഡി) കൃഷി (എൻ.സി.എ.) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 26257/എൻ.സി.എ 3/14/കൃഷി തീയതി 22-11-2014)

അനധികൃത നികത്തലും, അപ്രോച്ച് റോഡിന്റെ നിർമ്മാണവും കാരണം പാടശേഖരങ്ങളിൽ വെള്ളക്കെട്ടുണ്ടായതിനാലാണ് കൃഷിയിറക്കുവാൻ സാധിക്കാതെ പോയത്. നികത്തപ്പെട്ട സ്ഥലത്തെ മണ്ണുമുഴുവൻ മാറ്റി, കോഴിത്തോട് പൂർവ്വസ്ഥിതിയിൽ കൊണ്ടുവന്ന് കൃഷി പുനരുജ്ജീവിപ്പിക്കുവാൻ കഴിയുന്നതാണ്. അപ്രകാരം മണ്ണ് നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കിയാലും കോഴിപ്പാലത്തിന്റെയും, നാൽക്കാലിക്കൽ പാലത്തിന്റെയും അടിയിൽക്കൂടി സ്ഥാപിച്ചിരിക്കുന്ന ചെറിയ പൈപ്പുകളിൽ കൂടി വെള്ളം സുഗമമായി ഒഴുകിമാറില്ല. റവന്യൂ, മൈനർ ഇറിഗേഷൻ തുടങ്ങിയ വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടിയുള്ള പരിശ്രമത്താൽ മാത്രമേ ഇത് സാധിതപ്രായമാകൂ. കോഴിത്തോട്ടിലെ ഒരു ഭാഗത്തെ മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. കോഴിത്തോട് പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തി കൃഷി വകുപ്പിന്റെ അധികാര പരിധിയിലുള്ളതല്ല. അധികാരപ്പെട്ട വകുപ്പുകൾ കോഴിത്തോട് പൂർവ്വസ്ഥിതിയിലാക്കുന്നമുറയ്ക്ക് കൃഷിക്ക് വേണ്ടുന്ന എല്ലാ സഹായവും കൃഷി വകുപ്പ് ചെയ്യുന്നതാണ്. അനധികൃത നിലംപരിവർത്തനം റിപ്പോർട്ട് ചെയ്യുക എന്നതാണ് കൃഷി ഓഫീസർമാരുടെ ചുമതല. നിയമനടപടികൾ യഥാസമയം കൈക്കൊള്ളേണ്ടത് റവന്യൂ വകുപ്പാണ്.

(14-1-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ഇ) റവന്യൂ (പി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 64214/പി1/12/റവ. തീയതി 7-8-2015)

കോഴിത്തോട്ടിലെ മണ്ണ് മുഴുവനും മാറ്റുന്നതിനും തോട് പുനഃസ്ഥാപിക്കുന്നതിനുമുള്ള നടപടികൾ 29-6-2015 മുതൽ നടന്നുവരുന്നു. പ്രസ്തുത പ്രക്രിയ പൂർത്തിയായശേഷം സമിതി നിർദ്ദേശിച്ച കാര്യങ്ങൾ അടിയന്തര പ്രാധാന്യം നൽകി നടപ്പിൽവരുത്തുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു)

### ശിപാർശ 6

വിമാനത്താവളം വ്യവസായമായി അംഗീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ വിമാനത്താവളങ്ങളുടെ സംസ്ഥാനത്തെ നോഡൽ വകുപ്പ് ഗതാഗത വകുപ്പാണെന്നിരിക്കെ വ്യവസായ വകുപ്പ് കേന്ദ്ര ഗവൺമെന്റ് പൈതൃകഗ്രാമമായി പ്രഖ്യാപിച്ചിട്ടുള്ള ആറന്മുള കൂടാതെ സമീപത്തുള്ള മല്ലപ്പുഴശ്ശേരി, കിടങ്ങന്നൂർ എന്നീ വില്ലേജുകൾ അടങ്ങുന്ന പ്രദേശങ്ങളെ വ്യവസായ മേഖലയായി പ്രഖ്യാപിച്ചത് സംശയാസ്പദമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ തീരുമാനം പുനഃപരിശോധിക്കണമെന്നും ഭാവിയിൽ ഒരു

പ്രദേശത്തെ വ്യവസായമേഖലയായി പ്രഖ്യാപിക്കും മുമ്പ് ബന്ധപ്പെട്ട എല്ലാ വകുപ്പുകളുമായി ചർച്ച നടത്തണമെന്നും പ്രദേശവാസികളുടെ അഭിപ്രായം ആരായണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടികൾ

### (എ) ഗതാഗത (ഡി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 2402/ഡി2/12/ഗതാ. തീയതി 8-4-2013)

പദ്ധതിയുമായി ബന്ധപ്പെട്ട് പബ്ലിക് ഹിയറിംഗ് നടത്തിയതായി പ്രൊമോട്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകളുമായി പദ്ധതി ചർച്ച ചെയ്യുകയും, ആറന്മുള വിമാനത്താവള പദ്ധതി നടത്തിപ്പിനായി ബന്ധപ്പെട്ട വകുപ്പുകളുടെ നിയമപ്രകാരമുള്ള അനുമതികളും ക്ലിയറൻസുകളും ലഭ്യമാക്കിയ ശേഷമേ നടപ്പാക്കാവൂ എന്നും തീരുമാനിച്ചിട്ടുണ്ട്.

(13-8-2013-ലെ സമിതിയോഗം അംഗീകരിച്ചു)

### (ബി) പരിസ്ഥിതി (ബി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 565/ബി1/12/പരി. തീയതി 29-10-2013)

7-10-2011-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 5/11/പരി. പ്രകാരം സംസ്ഥാനത്തിന്റെ പാരിസ്ഥിതികമോ, പരിസ്ഥിതി സംബന്ധിച്ചോ പരിസ്ഥിതിയെയും പാരിസ്ഥിതിക ഘടകങ്ങളെയും ഏതെങ്കിലും തരത്തിൽ പ്രതികൂലമായി ബാധിക്കുന്നതോ ആയ ഏത് നടപടികൾക്കും അതത് നിയമപ്രകാരമോ, ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരമോ, അഥവാ അത്തരം ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് മുന്നോടിയായിട്ടോ സർക്കാർതലത്തിൽ നടപടി സ്വീകരിക്കുന്ന വേളയിൽ അതത് പൊതുനിർദ്ദേശങ്ങളിന്മേൽ/ പദ്ധതി റിപ്പോർട്ടുകളിന്മേൽ പരിസ്ഥിതി വകുപ്പിന്റെ അഭിപ്രായം തേടേണ്ടതാണെന്നും അത്തരം പദ്ധതികളുടെ നടത്തിപ്പിനും മേൽനോട്ടത്തിനും അവലോകനത്തിനും അനുബന്ധ കാര്യങ്ങൾക്കുമായി രൂപീകരിക്കുന്ന സമിതികളിൽ പരിസ്ഥിതി വകുപ്പിന്റെ പ്രാതിനിധ്യം ഉണ്ടായിരിക്കേണ്ടതാണെന്നും സർക്കാർ ഉത്തരവായിട്ടുണ്ട്. മേൽഉത്തരവിലെ വ്യവസ്ഥകൾ കേരള സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ (ഖ.115 എ)-ൽ ഉൾപ്പെടുത്തി 10-6-2013-ലെ സ.ഉ. (കയ്യെഴുത്ത്) നമ്പർ 16/2013/ഉ.ഭ.പ.വ. പ്രകാരവും കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് ഇൻസ്ട്രക്ഷൻസിൽ (ഇനം നമ്പർ 61 എ) ഉൾപ്പെടുത്തി 10-6-2013-ലെ സ.ഉ. (കയ്യെഴുത്ത്) നമ്പർ 17/2013/ഉ.ഭ.പ.വ. പ്രകാരവും പരിഷ്കരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ വ്യവസ്ഥകൾ കേരള സെക്രട്ടേറിയറ്റ് കാര്യനിർവ്വഹണചട്ടങ്ങളിൽ (Rules of business) ഉൾപ്പെടുത്തുന്നതാണെന്ന്

2013-ലെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിനുള്ള മേൽനടപടി സ്വീകരിക്കാൻ പൊതുഭരണ (എസ്.എസ്.) വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

(12-2-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

**(സി) വ്യവസായ (ബി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 13347/ബി3/12/വ്യവ. തീയതി 21-8-2014)

കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡും വ്യവസായ നഗരപ്രദേശ വികസന നിയമം 1999, 2(എഫ്) പ്രകാരം സർക്കാരിന് ഏതൊരു പ്രദേശത്തെയും ആവശ്യമെങ്കിൽ വ്യവസായ പ്രദേശമായി പ്രഖ്യാപിച്ച് വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതാണ്. ടി നിയമത്തിന്റെ പിൻബലത്തിലാണ് ആറന്മുള, മല്ലപ്പുഴശ്ശേരി, കിടങ്ങന്നൂർ എന്നീ വില്ലേജുകൾ അടങ്ങുന്ന പ്രദേശങ്ങളെ വ്യവസായമേഖലയായി പ്രഖ്യാപിച്ചത്. വ്യവസായ മേഖലയായി പ്രഖ്യാപിച്ച പ്രദേശങ്ങളിൽ ചില സ്വകാര്യവ്യക്തികളുടെ ഭൂമികളും ഉൾപ്പെടുന്നുവെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വിജ്ഞാപനം പുനഃപരിശോധിക്കുകയും, അത്തരത്തിലുള്ള പ്രദേശങ്ങളെ ഒഴിവാക്കി പുനർവിജ്ഞാപനം പുറപ്പെടുവിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(27-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ഡി) റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 64214/പി1/12/റവ. തീയതി 7-8-2015)

ടി പ്രദേശത്തെ വ്യാവസായിക മേഖലയായി പ്രഖ്യാപിച്ച നടപടി പുനഃപരിശോധിക്കണം എന്ന ശിപാർശ അംഗീകരിക്കുന്നു. ഒരു പ്രദേശത്തെ വ്യവസായ മേഖലയായി പ്രഖ്യാപിക്കുന്ന വിഷയത്തിൽ ഭാവിയിൽ സമിതി നിർദ്ദേശം കർശനമായി പാലിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു)

ശിപാർശ 7

നിലം നികത്തലിനെതിരെ ചില വ്യക്തികൾ ബഹു. ഹൈക്കോടതിയെ സമീപിച്ച് നിലം പൂർവ്വസ്ഥിതിയിലാക്കണമെന്ന വിധി സമ്പാദിച്ചിരുന്നതായും എന്നാൽ പ്രസ്തുത വിധി നടപ്പാക്കുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അലംഭാവം കാട്ടിയതായും മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത വിധി അടിയന്തരമായി നടപ്പാക്കുന്നതിനും വിധി നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### (എ) ഗതാഗത (ഡി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 2402/ഡി2/12/ഗതാ. തീയതി 8-4-2013)

അത്തരത്തിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ നിയമ വ്യവസ്ഥകൾ നിലവിലുണ്ട്.

(13-8-2013-ലെ സമിതിയോഗം അംഗീകരിച്ചു.)

### (ബി) കൃഷി (എൻ.സി.എ.) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 26257/എൻ.സി.എ 3/14/കൃഷി തീയതി 22-11-2014)

അനധികൃത നിലം പരിവർത്തനം റിപ്പോർട്ട് ചെയ്യുക എന്നതാണ് കൃഷി ഓഫീസർമാരുടെ ചുമതല. നിയമനടപടികൾ യഥാസമയം കൈക്കൊള്ളേണ്ടത് റവന്യൂ വകുപ്പാണ്.

(14-1-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

### (സി) റവന്യൂ (പി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 64214/പി1/12/റവ. തീയതി 7-8-2015)

നിലം പുനഃസ്ഥാപിക്കണമെന്ന ഹൈക്കോടതിവിധി ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. നികത്തിയ തോട് പുനഃസ്ഥാപിക്കണമെന്ന കോടതിവിധി നടപ്പിലാക്കി വരുന്നു. ഇക്കാര്യത്തിൽ ആവശ്യമായ സത്വരനടപടികൾ സ്വീകരിക്കുവാൻ പത്തനംതിട്ട ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സമിതി നിരീക്ഷിച്ച കാര്യത്തിൽ ബോധപൂർവ്വമായ വീഴ്ച ഉദ്യോഗസ്ഥതലത്തിൽ ഉണ്ടായിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ച് സർക്കാരിൽ റിപ്പോർട്ട് ചെയ്യുവാനും ലാന്റ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## ശിപാർശ 8

കോഴിത്തോട് മണ്ണിട്ടുനികത്തി ജലത്തിന്റെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുത്തിയവർക്കെതിരെ ഒരു നിയമനടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ഈ ഗുരുതരമായ നിയമലംഘനത്തിനെതിരെ നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെയും നിലം നികത്തിയവർക്കെതിരെയും ശിക്ഷാനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### (എ) ഗതാഗത (ഡി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 2402/ഡി2/12/ഗതാ. തീയതി 8-4-2013)

വിമാനത്താവളത്തിനായുള്ള ഭൂമിയുമായി ബന്ധപ്പെട്ട് ലാന്റ് സീലിംഗ്, കയ്യേറ്റം, അധികഭൂമി എന്നീ കാര്യങ്ങൾ 2008-ലെ നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിന്റെയും 1963-ലെ ഭൂപരിഷ്കരണ നിയമത്തിന്റെയും വെളിച്ചത്തിൽ പരിശോധിക്കുകയും പ്രസക്തമായ നിയമങ്ങൾക്കനുസരിച്ച് ആവശ്യമായ ക്ലിയറൻസുകൾ എയർപോർട്ട് പ്രൊമോട്ടർ നേടണം എന്നുമുള്ള നിബന്ധനകൾ പ്രകാരമേ പ്രൊമോട്ടർ പദ്ധതി നടപ്പിലാക്കാവൂ എന്നും തീരുമാനിച്ചിട്ടുണ്ട്.

(13-8-2013-ലെ സമിതിയോഗം അംഗീകരിച്ചു)

### (ബി) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 64380/ആർ.സി4/12/തസ്വഭവ. തീയതി 5-4-2014)

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ടിലെ കോഴിത്തോടിന്റെ പുനഃസ്ഥാപനം സംബന്ധിച്ച മേൽശിപാർശകൾ സർക്കാർ വിശദമായി പരിശോധിച്ചു

ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 23-12-2013-ലെ 3(3)നമ്പർ തീരുമാനപ്രകാരം കെ.ജി.എസ്. ആറന്മുള വിമാനത്താവള കമ്പനി എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കോഴിത്തോട് പുനഃസ്ഥാപനം 90 ദിവസത്തിനകം പൂർത്തീകരിക്കണമെന്ന് കാണിച്ച് 24-12-2013-ൽ കത്ത് നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറോട് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിക്കുന്നമുറയ്ക്ക് തുക വിമാനത്താവള അധികൃതരെ ആറന്മുള ഗ്രാമപഞ്ചായത്ത് അറിയിക്കുന്നതാണ്.

കോഴിത്തോടിന്റെ സ്വാഭാവിക നീരൊഴുക്കിന് തടസ്സം നേരിടുന്ന തരത്തിൽ മണ്ണിട്ട് നികത്തിയ ഭാഗത്തുനിന്നും മണ്ണ് നീക്കംചെയ്ത് സ്വാഭാവിക നീരൊഴുക്ക് പുനഃസ്ഥാപിക്കുന്നതിന് ടി വിമാനത്താവള കമ്പനിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് 30-12-2013-ൽ മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് നോട്ടീസ് നൽകിയിട്ടുണ്ട്. കോഴിത്തോട് പൂർവ്വസ്ഥിതിയിലാക്കുന്നതിന് വിശദമായ എസ്റ്റിമേറ്റും എസ്റ്റിമേറ്റ് തുകയും അടിയന്തരമായി

ലഭ്യമാക്കുന്നതിന് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഗ്രാമപഞ്ചായത്ത് നിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ നോട്ടീസിന് കെ.ജി.എസ്. ഗ്രൂപ്പ് നിശ്ചിത സമയപരിധിക്കുള്ളിൽ മറുപടിയൊന്നും നൽകാത്ത സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് കെ.ജി.എസ്. ആറന്മുള ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ ചെലവിൽ പണി നടത്തുന്നതാണെന്ന് കാണിച്ച് 20-1-2014-ൽ വീണ്ടും നോട്ടീസ് നൽകിയിട്ടുണ്ട്.

മേൽ പ്രസ്താവിച്ച വിവരങ്ങൾ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ താൽപ്പര്യപ്പെടുന്നു.

(14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

## (സി) കൃഷി (എൻ.സി.എ.) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 26257/എൻ.സി.എ.3/14/കൃഷി തീയതി 22-11-2014)

അനധികൃത നികത്തു നടത്തുന്നവർക്കെതിരെ നിയമനടപടികൾ കൈക്കൊള്ളുക എന്ന ചുമതല കൃഷി വകുപ്പിൽ നിക്ഷിപ്തമല്ല.

(14-1-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ഡി) ജലവിഭവ (ഐ.ആർ.) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 9386/ഐ.ആർ3/14/ജ.വിവ. തീയതി 26-8-2014)

തോട് നികത്തിയത് പൂർവ്വസ്ഥിതിയിലാക്കുന്നതിനായി ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും കെ.ജി.എസ്. ഗ്രൂപ്പും തമ്മിലുണ്ടായ എഗ്രിമെന്റ് അനുസരിച്ച് കരഭാഗങ്ങൾ പൂർവ്വസ്ഥിതിയിലാക്കിയിരുന്നു. എന്നാൽ നാട്ടുകാരുടെ എതിർപ്പിനെ തുടർന്ന് പണി നിർത്തിവച്ചിരുന്നു. റവന്യൂ അധികാരികൾ ഇതുവരെ തോടിന്റെ അലൈൻമെന്റും പുറമ്പോക്കും അളന്ന് തിട്ടപ്പെടുത്തി തന്നിട്ടില്ല. തോടുകളുടെ ഉടമസ്ഥാവകാശം ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. എന്നിരുന്നാലും കളക്ടർ ആവശ്യപ്പെട്ട പ്രകാരം ബാക്കിയുള്ള ചാലും തോടും പൂർവ്വസ്ഥിതിയിലാക്കുന്നതിനാവശ്യമായ 48 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് പത്തനംതിട്ട ജില്ലാ കളക്ടറുടെ പരിഗണനയിലുണ്ട്.

(27-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ഇ) റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 64214/പി1/12/റവ. തീയതി 7-8-2015)

കോഴിത്തോട് മണ്ണിട്ട് നികത്തിയവർക്കെതിരെ കോഴഞ്ചേരി തഹസിൽദാർ കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. കോഴിത്തോട് പുനഃസ്ഥാപിക്കുന്ന നടപടിയും നടന്നുവരുന്നു.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു)

ശിപാർശ 9

വ്യവസായ മേഖലയായി നോട്ടിഫൈ ചെയ്തതിനെത്തുടർന്ന് പ്രസ്തുത പ്രദേശത്തുള്ള കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടിവരുമെന്നതിനാൽ പത്തനംതിട്ട കളക്ടറേറ്റിൽവച്ച് ചേർന്ന യോഗത്തിൽ കെ.ജി.എസ്. ഗ്രൂപ്പിന്റെ കൈവശമുള്ള ഭൂമി ഒഴികെ ബാക്കിയുള്ളവ ഡിനോട്ടിഫൈ ചെയ്യുവാൻവേണ്ടി വ്യവസായ വകുപ്പിന് നൽകിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. അതിനാൽ കെ.ജി.എസ്. ഗ്രൂപ്പിന്റെ കൈവശമുള്ള ഭൂമി ഒഴികെ ബാക്കിയുള്ളവ അടിയന്തരമായി denotify ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) ഗതാഗത (ഡി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 2402/ഡി2/12/ഗതാ. തീയതി 8-4-2013)

അധികഭൂമി denotify ചെയ്യുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(13-8-2013-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 64214/പി1/12/റവ. തീയതി 7-8-2015)

വ്യവസായ വകുപ്പിന്റെ 24-2-2011-ലെ 54/11/വ്യവ. നമ്പർ ഉത്തരവ് പ്രകാരം ആറന്മുള കിടങ്ങന്നൂർ, മല്ലപ്പുഴശ്ശേരി വില്ലേജുകളിൽ 444 ഹെക്ടർ ഭൂമി വ്യവസായ മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിനാൽ കെ.ജി.എസ്. ഗ്രൂപ്പിന്റെ കൈവശമുള്ള ഭൂമി ഒഴികെ ബാക്കി സ്ഥലങ്ങൾ denotify ചെയ്യണമെന്ന ശിപാർശയിന്മേൽ വ്യവസായ വകുപ്പ് നടപടികൾ ആരംഭിച്ചിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ട്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു)

## (സി) വ്യവസായ (ബി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 13347/ബി3/12 തീയതി 21-8-2014)

വ്യവസായ മേഖലയായി നോട്ടിഫൈ ചെയ്ത പ്രദേശങ്ങളിൽ ചില സ്വകാര്യവ്യക്തികളുടെ ഭൂമികൂടി ഉൾപ്പെട്ടതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്രസ്തുത ഭൂമിയെ ഒഴിവാക്കി കെ.ജി.എസ്. ഗ്രൂപ്പിന്റെ കൈവശമുള്ള ഭൂമിയും അതിനിടയിൽപെട്ടുകിടക്കുന്ന സർക്കാർ പുറമ്പോക്ക് ഭൂമിയും മാത്രം ഉൾപ്പെടുത്തി പുനർവിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാർ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പുനർവിജ്ഞാപനത്തിനുള്ള നടപടികൾ ഏതാണ്ട് അന്തിമഘട്ടത്തിലെത്തി നിൽക്കുകയും ചെയ്യുന്നു.

പുനർവിജ്ഞാപനത്തിന്റെ കരട് നിയമ വകുപ്പിന്റെ സൂക്ഷ്മപരിശോധനയിലാണ്. ആയത് മടങ്ങിയെത്തിയാലുടൻ പുനർവിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

(27-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

### ശിപാർശ 10

ആറന്മുള വിമാനത്താവളത്തിനുവേണ്ടി നെൽവയൽ/നീർത്തടം നികത്തി മാറ്റം ചെയ്യണമെന്നാവശ്യപ്പെട്ട് അപേക്ഷയൊന്നും സംസ്ഥാനതല അപ്രൂവൽ കമ്മിറ്റി മുമ്പാകെ വന്നിട്ടില്ലെന്നും കെ.ജി.എസ്. ഗ്രൂപ്പ് ഭൂമി കണ്ടെത്തി സർക്കാരിന് അപേക്ഷ നൽകുമ്പോൾ 2008-ലെ നെൽവയൽ നീർത്തട സംരക്ഷണ നിയമം ഉൾപ്പെടെയുള്ള നിയമങ്ങൾക്ക് വിധേയമായി മാത്രമേ തീരുമാനമെടുക്കുകയുള്ളൂവെന്ന് ബന്ധപ്പെട്ട വകുപ്പ് മേധാവികൾ സമിതിക്ക് ഉറപ്പ് നൽകിയിരുന്നു. പ്രസ്തുത ഉറപ്പ് പാലിക്കപ്പെടണമെന്നും കൃഷിയെ പുനരുജ്ജീവിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും കൊണ്ടുവന്ന നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ ഈ വിഷയത്തിൽ കർശനമായി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

## (എ) ഗതാഗത (ഡി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 2402/ഡി2/12/ഗതാ. തീയതി 8-4-2013)

വിമാനത്താവളത്തിനായുള്ള ഭൂമിയുമായി ബന്ധപ്പെട്ട് ലാന്റ് സീലിംഗ്, കയ്യേറ്റം, അധികഭൂമി എന്നീ കാര്യങ്ങൾ 2008-ലെ നെൽവയൽ നീർത്തട സംരക്ഷണ

നിയമത്തിന്റെയും 1963-ലെ ഭൂപരിഷ്കരണ നിയമത്തിന്റെയും വെളിച്ചത്തിൽ പരിശോധിക്കുകയും പ്രസക്തമായ നിയമങ്ങൾക്കനുസരിച്ച് ആവശ്യമായ ക്ലിയറൻസുകൾ എയർപോർട്ട് പ്രൊമോട്ടർ നേടണം എന്നുമുള്ള നിബന്ധനകൾ പ്രകാരമേ പ്രൊമോട്ടർ പദ്ധതി നടപ്പിലാക്കാവൂ എന്ന് തീരുമാനിച്ചിട്ടുണ്ട്.

(13-8-2013-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) കൃഷി (എൻ.സി.എ.) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 26257/എൻ.സി.എ 3/14/കൃഷി തീയതി 22-11-2014)

കെ.ജി.എസ്. ഗ്രൂപ്പ് പരിവർത്തനത്തിനായി അപേക്ഷ നൽകുന്നപക്ഷം, നിലവിലുള്ള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനു വിധേയമായി മാത്രമേ തീരുമാനം കൈക്കൊള്ളുകയുള്ളൂ. നിലവിലുള്ള നിയമം നിലവിൽ വരുന്നതിനുമുമ്പ് നെൽവയൽ നികത്തിയവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കേണ്ടത് അതിന് അധികാരപ്പെട്ട വകുപ്പുകളാണ്.

(14-1-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

**(സി) റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 64214/പി1/12/റവ. തീയതി 7-8-2015)

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 നിലവിൽ വരുന്നതിനു മുമ്പേ വയലുകൾ നികത്തിയ വിഷയത്തിൽ കേരള ഭൂവിനിയോഗ ഉത്തരവ് 1967 പ്രകാരമാണ് നടപടിക്രമങ്ങൾ അനുവർത്തിക്കുന്നത്. പ്രസ്തുത ഉത്തരവ് പ്രകാരം ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു)

<u>ശിപാർശ 11</u>

വിമാനത്താവള നിർമ്മാണ പ്രദേശത്തെ സംബന്ധിച്ച് സംസ്ഥാനത്തെ Environment Impact Committee ഒരു പഠനവും ഇതുവരെ നടത്തിയിട്ടില്ല എന്നതാണ് സമിതിക്ക് ലഭിച്ച റിപ്പോർട്ട്. ഇത്തരത്തിൽ ഒരു പഠനം നടത്താതിരുന്നത് എന്തുകൊണ്ടാണെന്നും പഠനം നടത്തുന്നതിനും പൊതുജനങ്ങളിൽനിന്നും ഹിയറിംഗ് നടത്തുന്നതിനും മുമ്പ് സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് കെ.ജി.എസ്. ഗ്രൂപ്പിന് ഡിഫൻസ് ക്ലിയറൻസ് ലഭിക്കുന്നതിന് അനുകൂലമായ ശിപാർശ ചെയ്യുവാനുണ്ടായ സാഹചര്യത്തെ സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## (എ) ഗതാഗത (ഡി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 2402/ഡി2/12/ഗതാ.തീയതി 8-4-2013)

പദ്ധതിയുമായി ബന്ധപ്പെട്ട് പബ്ലിക് ഹിയറിംഗ് നടത്തിയതായി പ്രൊമോട്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകളുമായി പദ്ധതി ചർച്ച ചെയ്യുകയും ആറന്മുള വിമാനത്താവള പദ്ധതി ബന്ധപ്പെട്ട വകുപ്പുകളുടെ നിയമപ്രകാരമുള്ള അനുമതികളും ക്ലിയറൻസുകളും ലഭ്യമാക്കിയ ശേഷമേ നടപ്പാക്കാവൂ എന്ന് തീരുമാനിച്ചിട്ടുണ്ട്.

(13-8-2013 ലെ സമിതിയോഗം അംഗീകരിച്ചു)

## (ബി) പരിസ്ഥിതി (ബി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 565/ബി1/12/പരി. തീയതി 29-10-2013)

ആറന്മുള ഗ്രീൻഫീൽഡ് അന്താരാഷ്ട്ര വിമാനത്താവളം കാറ്റഗറി 'എ' വിഭാഗത്തിൽപ്പെട്ട പദ്ധതിയായതിനാൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയമാണ് പാരിസ്ഥിതികാനുമതി നൽകേണ്ടത്. ഇതിന്റെ ഭാഗമായുള്ള പരിസ്ഥിതി ആഘാത പഠനം കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അംഗീകരിച്ചിട്ടുള്ള ഏജൻസികൾക്ക് (Accredited) മാത്രമേ നടത്താനാകൂ. പ്രോജക്ട് പ്രൊപ്പോണന്റ് തന്നെയാണ് അക്രെഡിറ്റഡ് ഏജൻസിയെ ഉപയോഗിച്ച് പരിസ്ഥിതി ആഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടത്. പരിസ്ഥിതി ആഘാത പഠനം നടത്തുന്ന സമയത്ത് പബ്ലിക് ഹിയറിംഗ് നടത്തണമെന്നും പൊതുജനാഭിപ്രായം പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കണമെന്നും നിയമവ്യവസ്ഥയുണ്ട്. ഈ നടപടിക്രമങ്ങൾ പൂർണ്ണമായി പാലിച്ചാണ് പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ട് തയ്യാറാക്കിയതും, ആയത് ഇപ്പോൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പരിശോധിച്ചുകൊണ്ടിരിക്കുന്നതും. കാറ്റഗറി 'എ' വിഭാഗത്തിന് സംസ്ഥാന സർക്കാർ മുൻകൈ എടുത്ത് പാരിസ്ഥിതിക ആഘാത പഠനം നടത്തേണ്ടതില്ല. പദ്ധതി നടത്തിപ്പുകാർ അക്രെഡിറ്റഡ് ഏജൻസി മുഖേന പാരിസ്ഥിതിക ആഘാത പഠനം നടത്തി, അതിന്മേൽ ക്രമപ്രകാരമുള്ള പബ്ലിക് ഹിയറിംഗും നടത്തിയശേഷം അതിന്റെ രേഖകളാണ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് അയച്ചുകൊടുത്തത്. ഇതിൽ പദ്ധതിക്ക് അനുകൂലമായോ പ്രതികൂലമായോ ശിപാർശകൾ ചെയ്യാൻ മലിനീകരണനിയന്ത്രണ ബോർഡിന് അവകാശമില്ല. അപ്രകാരം ചെയ്തിട്ടുമില്ല. പദ്ധതിക്ക് ഡിഫൻസ് ക്ലിയറൻസ് ലഭിക്കുന്നതിന് ബോർഡിന്റെ ശിപാർശകൾ ആവശ്യപ്പെടുകയോ നൽകുകയോ ഉണ്ടായിട്ടില്ല.

പ്രസ്തുത മറുപടി 12-2-2014-ലെ സമിതിയോഗം പരിഗണിക്കുകയും താഴെപ്പറയുന്ന അധികവിവരങ്ങൾ ആവശ്യപ്പെടുകയും ചെയ്തു:

സമിതി ആവശ്യപ്പെട്ട അധികവിവരങ്ങൾ

(1) കേരളത്തിലെ നീർത്തട പ്രദേശങ്ങൾ കണ്ടെത്താൻ നോഡൽ ഏജൻസിയായി നിയമിച്ചശേഷം ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് ആന്റ് ക്ലൈമറ്റ് ചെയ്ഞ്ച് എന്തൊക്കെ നടപടികളാണ് നടത്തിയിട്ടുള്ളത്?

പഠനത്തിന് മറ്റേതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചോ? റിപ്പോർട്ട് ലഭിച്ചോ? റിപ്പോർട്ടിന്മേൽ എന്തു നടപടി എടുത്തു?

(2) 2011 മേയ് മാസത്തിനുശേഷം ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് ആന്റ് ക്ലൈമറ്റ് ചെയ്ഞ്ച് ഏതൊക്കെ പദ്ധതികൾക്ക് പാരിസ്ഥിതിക അനുമതിക്ക് ശിപാർശ ചെയ്തിട്ടുണ്ട്?

സമിതി ആവശ്യപ്പെട്ട അധികവിവരത്തിനുള്ള മറുപടി

**പരിസ്ഥിതി (ബി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 565/ബി1/12/പരി. തീയതി 26-2-2015)

പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിനെ സർക്കാർ ഉത്തരവ് G.O. (Rt.) നമ്പർ 51/11/പരി. തീയതി 30-5-2011 പ്രകാരം വെറ്റ്ലാന്റ് നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിരുന്നു. കേരളത്തിലെ റംസാർ വെറ്റ്ലാൻഡുകൾ ഒഴികെയുള്ള നീർത്തടങ്ങൾ ഉൾപ്പെടുത്തി ഒരു ഇൻവെന്ററി തയ്യാറാക്കാൻ National Centre for Earth Science Studies (NCESS)-നെ ചുമതലപ്പെടുത്തുകയുണ്ടായി. NCESS, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി, Centre for Water Resource Development & Management (CWRDM) കോഴിക്കോട് എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കേരളത്തിലെ എല്ലാ തണ്ണീർത്തടങ്ങളേയും (പ്രകൃത്യായുള്ളവയേയും മനുഷ്യനിർമ്മിതമായവയേയും) ജില്ലാ അടിസ്ഥാനത്തിൽ ഓരോന്നിന്റേയും വിസ്തീർണ്ണം, ലാന്റ് യൂസ് ലാന്റ് കവർ, മാപ്പ് എന്നിവ ഉൾപ്പെടുത്തി തയ്യാറാക്കിയ ഇൻവെന്ററി 23-12-2014-ന് സർക്കാരിൽ സമർപ്പിച്ചു. കേന്ദ്ര, സംസ്ഥാന തണ്ണീർത്തട (സംരക്ഷണ) നിയമങ്ങളുടെ പശ്ചാത്തലത്തിൽ സർക്കാർ ആയത് പരിശോധിച്ചുവരുന്നു.

പാരിസ്ഥിതിക അനുമതിക്ക് ശിപാർശ ചെയ്യുക എന്നത് പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ അധികാര പരിധിയിൽ ഉൾപ്പെടുന്ന വിഷയമല്ലാത്തതിനാൽ ഒരു

പദ്ധതിക്കും പാരിസ്ഥിതിക അനുമതി നൽകുന്നതിനായി വകുപ്പ് ശിപാർശ ചെയ്തിട്ടില്ല. പാരിസ്ഥിതികാനുമതി നൽകുന്നത് സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി (SEIAA)-യാണ്. പാരിസ്ഥിതികാനുമതിക്കായി SEIAA-യിൽ ലഭിക്കുന്ന അപേക്ഷകൾ വിദഗ്ദ്ധ വിലയിരുത്തൽ സമിതി (SEAC) വിലയിരുത്തൽ നടത്തിയശേഷം അനുമതി നൽകണമോ വേണ്ടയോ എന്നത് സംബന്ധിച്ച് ശിപാർശ SEIAA-യ്ക്ക് നൽകുകയും SEIAA തീരുമാനമെടുക്കുകയും ചെയ്യുന്നു.

എന്നാൽ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്, Wetland Nodal Agency ആയതിനാൽ വെറ്റ്ലാന്റ് ക്ലിയറൻസ് വേണ്ട പദ്ധതികൾക്ക് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിഗണിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് നൽകാറുണ്ട്. അത്തരത്തിൽ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് 5 പദ്ധതികൾക്ക് ശിപാർശ നൽകിയതിൽ 4 എണ്ണത്തിന് സർക്കാർ അനുമതി നൽകുകയും ഒരെണ്ണത്തിന് വെറ്റ്ലാന്റ് ക്ലിയറൻസ് ആവശ്യമില്ലെന്നറിയിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഓർഡർ നമ്പർ |
|---|---|---|
| 1 | സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, കരിമ്പനപ്പാലം, കോഴിക്കോട് | G.O. (Ms.) No. 06/13/Envt.(1) തീയതി 3-7-2013 |
| 2 | സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, കരീപ്പുഴ, കൊല്ലം | G.O. (Ms.) No. 07/13/Envt.(2) തീയതി 3-7-2013 |
| 3 | സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, മുണ്ടൻവേലി, കൊച്ചി | G.O. (Ms.) No. 08/13/Envt. തീയതി 18-7-2013 |
| 4 | മൂലംപിള്ളി-പിഴല & വലിയ കടമക്കുടി-ചാത്തനാട് പാലം, വലിയ കടമക്കുടി-ചാത്തനാട് പാലം വലിയ കടമക്കുടി പഞ്ചായത്ത്, എറണാകുളം | G.O. (Rt.) No. 87/14/Envt. തീയതി 22-5-2014 |
| 5 | വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, ശാസ്താംകോട്ട, കൊല്ലം | ക്ലിയറൻസ് ആവശ്യമില്ലെന്ന് നമ്പർ 712/എ 2/14/പരി. തീയതി 21-2-2014 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട് |

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു)

## റവന്യൂ (പി) വകുപ്പ്

(ഗവൺമെന്റ്കത്ത് നമ്പർ 64214/എ 1/12/റവ. തീയതി 7-8-2015)

ഇക്കാര്യത്തിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ സംസ്ഥാന പരിസ്ഥിതി വകുപ്പിനോടാവശ്യപ്പെട്ടിട്ടുണ്ട്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു)

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.